**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2569** **24-06-2024 - ൽ മറുപടിയ്ക്ക്**

**മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ ഗ്വാളിയോർ റയോൺസിന് എത്ര ഏക്കർ സ്ഥലമാണ് സർക്കാർ അക്വയർ ചെയ്ത് നൽകിയിട്ടുള്ളത്; ഇത് എന്താവശ്യത്തിനായാണ് ഏറ്റെടുത്ത് നൽകിയത്; വിശദമാക്കാമോ; | (എ) | മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി ഭൂമിയുടെ ആകെ വിസ്തീർണ്ണം 320.78 ഏക്കർ ആണ്. ഇതിൽ 238.41 ഏക്കർ ഭൂമിയാണ് സർക്കാർ വ്യവസായ ആവശ്യത്തിലേക്കായി ഏറ്റെടുത്ത് നൽകിയത്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രത്യേക ആവശ്യത്തിന് അക്വയർ ചെയ്ത ഭൂമി ഉപയോഗിക്കാത്തതിനാൽ ആയത് തിരിച്ച് ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | മാവൂർ ഗ്വാളിയോർ റയോൺസിന്റെ കൈവശമുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമായി 10/10/2017 ൽ സ.ഉ.(കൈ)97/2017/വ്യവ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ ഗ്വാളിയോർ റയോൺസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C)33103/2017 ആയി റിട്ട് പരാതി സമർപ്പിക്കുകയും തുടർന്ന് 17/10/2017-ന് പ്രസ്തുത സർക്കാർ ഉത്തരവിൻമേൽ ബഹു.ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഭൂമി തിരികെ എടുക്കാൻ സാധിച്ചിട്ടില്ല.നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ